# സുന്നത്ത് കർമങ്ങളുടെ പ്രാധാന്യം

عَنْ أَبِي هُرَيْرَةَ رَضِيَ اللّٰهُ عَنْهُ قَالَ: أَوْصَانِي خَلِيلِي ﷺ بِثَلَاثٍ, لَا أَدَعُهُنَّ حَتَى أَمُوتَ: صَومِ ثَلَاثَةِ أَيَّامٍ مِنْ كُلِّ شَهْرٍ وَصَلَاةِ الضُحَى وَنَوْمٍ عَلَى وِتْرٍ

**അബൂഹുറയ്റ(റ)യിൽ നിന്ന്: "എന്റെ ആത്മമിത്രം അല്ലാഹുവിന്റെ തിരുദൂതർ എന്നോട് മൂന്ന് കാര്യങ്ങൾ ഉപദേശിച്ചിരിക്കുന്നു. ഞാൻ മരിക്കുവോളം അവയെ ഉപേക്ഷിക്കുകയില്ല: എല്ലാ മാസത്തിലും മൂന്ന് ദിവസത്തെ നോമ്പ്, ദുഹാ നമസ്കാരം, വിത്ർ നമസ്ക്കരിച്ചുള്ള ഉറക്കം" (ബുഖാരി).**

ഇസ്ലാമിൽ സുന്നത്ത് കർമങ്ങൾക്കുള്ള പ്രാധാന്യത്തെ കുറിക്കുന്ന ഹദീസാണിത്. പ്രവാചകൻ (സ) അനുഷ്ഠിക്കാൻ ഇഷ്ടപ്പെടുകയും തന്റെ അനുയായികളെ അനുഷ്ഠിക്കാൻ പ്രേരിപ്പിക്കുകയും ചെയ്ത കർമങ്ങളെയാണ് സുന്നത്ത് കർമങ്ങൾ എന്ന് പറയുന്നത്.

ഫർദ് കർമങ്ങൾ മാത്രം അനുഷ്ഠിക്കുന്നത് കൊണ്ട് ഇബാദത്തുകൾ പൂർണ്ണമാവുകയില്ല. സുന്നത്തുകളും ഫർദുകളുടെ പൂർത്തീകരണത്തിന് അനിവാര്യമാണ്. നബി (സ) പറഞ്ഞതായി അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു: ഖിയാമത്തു നാളിൽ മനുഷ്യന്റെ കർമങ്ങളിൽ വെച്ച് ഏറ്റവും ആദ്യമായി ചോദ്യം ചെയ്യപ്പെടുക നമസ്കാരത്തെക്കുറിച്ചായിരിക്കും. എല്ലാം അറിയുന്ന നമ്മുടെ റബ്ബ് മലക്കുകളോട് പറയും: "എന്റെ അടിമയുടെ നമസ്കാരം പരിശോധിക്കുവിൻ. അതവൻ പൂർണമായി നിർവഹിച്ചിട്ടുണ്ടോ, അതോ കുറവ് വരുത്തിയിരിക്കുന്നുവോ എന്നു നോക്കുവിൻ." നമസ്കാരം പൂർണമാണെങ്കിൽ പൂർണമായ നിലയിൽ അത് മലക്കുകൾ രേഖപ്പെടുത്തും. അതിൽ വല്ല കുറവും വരുത്തിയിട്ടുണ്ടെങ്കിൽ അല്ലാഹു പറയും: "എന്റെ അടിമ വല്ല സുന്നത്ത് നമസ്കാരവും നിർവഹിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് നോക്കുക. സുന്നത്ത് നമസ്കാരമുണ്ടെങ്കിൽ അല്ലാഹു പറയും: "എന്റെ അടിമയുടെ ഫർദു നമസ്കാരം സുന്നത്ത് നമസ്കാരം കൊണ്ട് പൂർത്തിയാക്കുവിൻ. അനന്തരം കർമങ്ങളെല്ലാം ഇപ്രകാരം കണക്കിലെടുക്കുന്നതാണ്" (അബൂ ദാവൂദ്).

മറ്റൊരിക്കൽ നബി (സ) പറഞ്ഞു: "ആരെങ്കിലും റമദാനിൽ നോമ്പനുഷ്ഠിക്കുകയും ശവ്വാലിലെ ആറു ദിവസങ്ങൾ അതിനോട് തുടർത്തുകയും ചെയ്താൽ അവൻ ഒരു കൊല്ലം നോമ്പനുഷ്ഠിച്ചതിന് തുല്യമാണ്"(മുസ്ലിം, അഹ്മദ്).

ഈ ഹദീസുകളിൽ നിന്ന് സുന്നത്ത് കർമങ്ങളുടെ പ്രാധാന്യം നമുക്ക് മനസ്സിലാക്കാം. ഫർദ് കർമം ഏതായിരുന്നാലും അവയോടൊപ്പമുള്ള സുന്നത്തുകളാണ് അവക്ക് പൂർണത നൽകുന്നത്. ഫർദ് കർമങ്ങളിലെ ന്യൂനതകളും കുറവുകളും സുന്നത്തുകളിലൂടെയാണ് പരിഹരിക്കപ്പെടുന്നത്.

ഒട്ടുമിക്ക ഫർദ് കർമങ്ങളുടെയും തുടർച്ചയായി സുന്നത്ത് കർമങ്ങളുണ്ട്. ഫർദ് നമസ്കാരങ്ങൾക്ക് മുമ്പും ശേഷവുമായി റവാത്തിബ് സുന്നത്തുണ്ട്. മാത്രവുമല്ല, ളുഹാ, വിത്റ് തുടങ്ങി പ്രബലമായ മറ്റു സുന്നത്തുകളും. റമദാൻ നോമ്പിനുശേഷം ശഅ്ബാനിലെ ആറു നോമ്പ്, അറഫാ നോമ്പ്, ആശൂറാഅ്-താസൂആഅ് എന്നിങ്ങനെയുള്ള സുന്നത്ത് നോമ്പുകളുണ്ട്. സകാത്തിനു പുറമെ ഏത് സന്ദർഭങ്ങളിലും സ്വദഖ നൽകുന്നതും പ്രതിഫലാർഹമാണ്. ഇത്തരത്തിൽ ധാരാളം സുന്നത്ത് കർമങ്ങളുണ്ട്.

സുന്നത്തു കർമങ്ങളെ ഒരു സത്യവിശ്വാസി തന്റെ ജീവിതത്തിൽ മുറുകെ പിടിക്കുക തന്നെ വേണം. അല്ലാഹുവുമായി കൂടുതൽ അടുക്കാൻ ഐഛിക കർമങ്ങൾ നമ്മെ പ്രാപ്തരാക്കുന്നു. നാളെ വിധിനിർണയ നാളിൽ നമ്മുടെ കർമങ്ങൾ തൂക്കപ്പെടുമ്പോൾ നന്മയുടെ ത്രാസുകൾക്ക് കനം വെപ്പിക്കാനും സുന്നത്തുകൾക്ക് കഴിയും. റബീഅത്തുബ്നു മാലിക് പ്രസ്താവിക്കുന്നു: ഒരിക്കൽ നബി (സ) എന്നോട് പറഞ്ഞു:" ചോദിച്ചു കൊള്ളുക." ഞാൻ പറഞ്ഞു: "സ്വർഗത്തിൽ അങ്ങയുടെ സഹവാസം ഞാൻ ആവശ്യപ്പെടുന്നു." അവിടുന്ന് ചോദിച്ചു: "മറ്റൊന്നുമില്ല?" ഞാൻ പറഞ്ഞു: "അതാണെനിക്ക് വേണ്ടത്." തിരുമേനി പറഞ്ഞു: "എന്നാൽ സുജൂദ് വർധിപ്പിച്ചു കൊണ്ട് നിങ്ങളുടെ കാര്യത്തിൽ എന്നെ സഹായിക്കുക" (മുസ്ലിം). ■